ജി (1) 58707/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 18.12.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 58/2014

വിഷയം : 1969 ലെ കേരള സഹകരണ സംഘം ചട്ടം ഭേദഗതി – പുതുക്കിയ ഫീസ് നിരക്കുകൾ – സംബന്ധിച്ച്.

സൂചന: 26.11.2014 ലെ അസാധാരണ ഗസ്റ്റ് നമ്പർ 2867 പ്രകാരം പ്രസിദ്ധീകരിച്ച 2014 ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ – 25.11.2014 ലെ GO (P) No. 142/2014/Coop, SRO No. 733/2014.

........................

2014 ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രകാരം 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തി സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം ഭേദഗതിയിൽ സഹകരണ നിയമ പ്രകാരമുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസുകളിൽ വർദ്ധനവ് വരുത്തുകയും ചില സേവനങ്ങൾക്ക് കൂടി ഫീസ് പുതുതായി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ച തീയതിയായ **26.11.2014** മുതൽ ടി നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള ഫീസ് കൃത്യമായി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശിക്കുന്നു.

പുതുക്കിയ നിരക്കുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

## I. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ്. [(ചട്ടം. 3(6)]

| നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി | ഫീസ് നിരക്ക് (രൂപ) |
|---|---|
| 1. ഒരു താലൂക്കിനകത്ത് | **1000** |
| 2. ഒരു താലൂക്കോ ഒന്നിൽ കൂടുതൽ താലൂക്കുകളോ, എന്നാൽ ഒരു ജില്ലക്കകത്ത് | **2500** |
| 3. ഒരു ജില്ല | **4000** |
| 4. ഒന്നിൽ കൂടുതൽ ജില്ലകൾ | **5000** |

എന്നാൽ പ്രവർത്തനപരിധി ഏതുതന്നെയാണെങ്കിലും സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് **100/-** രൂപയും വനിതാ /എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് **500/-** രൂപയും മതിയാകുന്നതാണ്.

(നിലവിലുള്ള ശീർഷകമായ **0425 - 800 - 94** -ൽ തുക ഒടുക്കാവുന്നതാണ്)

**II. ബൈലോ ഭേദഗതിക്കുള്ള ഫീസ് [ചട്ടം 9(iv) (c)]**

നിലവിലുള്ള നിരക്കായ **100/-** രൂപ എന്നത് **500/-** രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(നിലവിലുള്ള ശീർഷകമായ **0425 – 800 – 94** -ൽ തുക ഒടുക്കാവുന്നതാണ്)

**III. സംഘത്തിലെ ഒരംഗത്തിന് തിരിച്ചറിയൽ കാർഡ് നൽകാതിരിക്കുകയാണെങ്കിൽ ടി അംഗം രജിസ്ട്രാർക്ക് നൽകുന്ന അപ്പീലിൻമേലുള്ള ഫീസ് –**

ചട്ടം 16 D (1) – **50/-** രൂപ

(**0425 – 800 – 95** എന്ന ശീർഷകത്തിൽ തുക ഒടുക്കാവുന്നതാണ്)

**IV. സംഘം ഭരണസമിതിയിലേക്കും പ്രാതിനിധ്യ പൊതുയോഗത്തിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള ഫീസ് : ചട്ടം [35D(1)]**

സംഘം ഭരണസമിതിയിലേക്കും പ്രാതിനിധ്യ പൊതുയോഗത്തിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ഓരോന്നിനും പ്രത്യേകമായി ചുവടെ ചേർക്കും പ്രകാരമുള്ള ഫീസ് സംഘം സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

| | |
|---|---|
| 1. അപ്പക്സ് | **5000/-** |
| 2. സെൻട്രൽ & ഫെഡറേഷൻ | **3000/-** |
| 3. ക്രെഡിറ്റ് & ഹൗസിംഗ് സംഘങ്ങൾ | **2000/-** |
| 4. മറ്റു സംഘങ്ങൾ | **1000/-** |

എന്നാൽ താഴെ പറയുന്ന സംഘങ്ങൾക്ക് ഫീസ് ഇളവ് നൽകിയിട്ടുണ്ട്.

a) ഭൂരിപക്ഷം അംഗങ്ങളും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, ഭിന്ന ശേഷിയുള്ളവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ

b) എല്ലാ സ്കൂൾ സഹകരണ സംഘങ്ങളും

c) ഏതൊരു സംഘത്തിൻേറയും ആദ്യ തിരഞ്ഞെടുപ്പ്
(പുതിയ ശീർഷകം അനുവദിക്കുന്നതുവരെ അദർ ഐറ്റംസ് ശീർഷകമായ **0425 – 800 – 93** -ൽ തുക ഒടുക്കാവുന്നതാണ്

**V.** **ആർബിട്രേഷൻ ഫീസ്**

**a)** **ധനപരമായ തർക്കങ്ങൾ [ചട്ടം 67(10) (1)]**

തർക്ക സംഖ്യയുടെ ഓരോ പത്തു രൂപക്കും അതിന്റെ ഭാഗത്തിനും **50** പൈസ ക്രമത്തിൽ ചുരുങ്ങിയത് **200/–** രൂപയും, ഒരു ലക്ഷം രൂപവരെയുള്ള തർക്കങ്ങൾക്ക് പരമാവധി ഫീസ് **2000/–** രൂപയും ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള തർക്കങ്ങൾക്ക് **5000/–** രൂപ ആയരിക്കും.

**b)** **ധനപരമല്ലാത്ത തർക്കങ്ങൾ. [ചട്ടം 67(10) (2)]**

1. സംഘം ജീവനക്കാർ ഫയൽ ചെയ്യുന്ന കേസുകൾ – **1000/–**
2. തിരഞ്ഞെടുപ്പ് പരാതികൾ – **5000/–**
3. മറ്റ് പരാതികൾ – **3000/–**

എന്നാൽ ഭൂരിപക്ഷം അംഗങ്ങളും എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള സംഘങ്ങളും, സ്കൂൾ സംഘങ്ങളും ടി ഫീസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.
(നിലവിലുള്ള ശീർഷകമായ **0425 – 800 – 98** -ൽ തുക ഒടുക്കാവുന്നതാണ്)

**VI.** **വിധി/ഉത്തരവ്/തിരുമാനം നടത്തിപ്പ് അപേക്ഷ – ഫീസിളവ് [ചട്ടം 74(2)]**

വിധി/ഉത്തരവ്/തീരുമാനം നടത്തിപ്പ് അപേക്ഷയിൽ ഫീസൊടുക്കുന്നതിൽ നിന്നും അംഗങ്ങളിൽ ഭൂരിപക്ഷവും എസ്.സി/എസ്.റ്റി വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങളേയും, സ്കൂൾ സംഘങ്ങളേയും ഒഴിവാക്കിയിട്ടുണ്ട്.

**VII.** **a)** **സഹകരണ നിയമം, വകുപ്പ് 83 അനുസരിച്ച് സർക്കാരിലേക്കോ, രജിസ്ട്രാർക്കോ സമർപ്പിക്കുന്ന അപ്പീലുകൾക്ക് അല്ലെങ്കിൽ അപേക്ഷകൾക്ക് അപ്പീൽ വാദിയോ, അപേക്ഷകനോ ഒടുക്കേണ്ട ഫീസ്. [ചട്ടം 124A(a)]**

1. അപ്പീൽ വാദിയോ അപേക്ഷകനോ സംഘം ജീവനക്കാരനാണെങ്കിൽ – **1000/–**
2. അപ്പീൽ വാദിയോ അപേക്ഷകനോ ഒരു ഭരണസമിതി അംഗമോ അല്ലെങ്കിൽ ഒരു സംഘമോ അല്ലെങ്കിൽ മറ്റുള്ളവരോ – **5000/–**

**b) സഹകരണ നിയമത്തിലെ 87-ാം വകുപ്പ് അനുസരിച്ച് അധികാര വിനിയോഗത്തിനായി സർക്കാരിനോ, രജിസ്ട്രാർക്കോ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഒടുക്കേണ്ട ഫീസ്. [ചട്ടം 124A(b)]**

1. അപേക്ഷകൻ സംഘം ജീവനക്കാരനാണെങ്കിൽ – **500**/-
2. അപേക്ഷകൻ ഒരു ഭരണസമിതി അംഗമോ അല്ലെങ്കിൽ ഒരു സംഘമോ അല്ലെങ്കിൽ മറ്റുള്ളവരോ – **5000**/-

(നിലവിലുള്ള ശീർഷകമായ **0425 - 800 - 95** -ൽ തുക ഒടുക്കാവുന്നതാണ്)

**VIII. സംഘത്തിന് ബ്രാഞ്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ (ചട്ടം. 178.എ)**

1. സംസ്ഥാന സഹകരണ ബാങ്ക്/ സംസ്ഥാന സഹകരണ_കാർഷിക ഗ്രാമ വികസന ബാങ്ക്/ ജില്ലാ സഹകരണ ബാങ്ക് – ഓരോ ബ്രാഞ്ചിനും **10000**/- രൂപ
2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ /പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ. – ഓരോ ബ്രാഞ്ചിനും **5000**/- രൂപ

(അദർ ഐറ്റംസ് ശീർഷകമായ **0425 - 800 - 93** -ൽ തുക ഒടുക്കാവുന്നതാണ്)

**IX. സംഘം റീ - ക്ലാസിഫിക്കേഷനുള്ള ഫീസ് [ചട്ടം 182(1)]**

ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം/പ്രാഥമിക വായ്പ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയിസ് സഹകരണ സംഘങ്ങൾ/ഹൗസിംഗ്, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ/പ്രാഥിമക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സംഘങ്ങൾ എന്നിവ നിലവിലുള്ള ക്ലാസിഫിക്കേഷൻ ക്ലാസിൽ നിന്നും തൊട്ടടുത്ത ഉയർന്ന ക്ലാസിലേക്ക് റീ– ക്ലാസി ഫൈ ചെയ്യുന്നതിനുള്ള ഫീസ് } **2000**/-

മറ്റ് സംഘങ്ങൾക്ക് **500**/-

(അദർ ഐറ്റംസ് ശീർഷകമായ **0425 - 800 - 93** -ൽ തുക ഒടുക്കാവുന്നതാണ്)

മേൽ വിവരിച്ച പ്രകാരമുള്ള നിരക്കുകൾക്ക് **26.11.2014** മുതൽ പ്രാബല്യമുണ്ട്. ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ പുതുക്കിയ നിരക്കുകൾ സംബന്ധിച്ച വിവരം എല്ലാ സംഘങ്ങളുടെയും ജില്ലയിലെ വകുപ്പ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി നിരക്കുകൾ അതനുസരിച്ച് തന്നെയാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർമാർ തുടർന്നുള്ള മാസങ്ങളിലെ അവലോകന യോഗങ്ങളിൽ ഇതു സംബന്ധിച്ച പരിശോധനകൾ നടത്തേണ്ടതുമാണ്.

**ഒപ്പ്**
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1) സെക്രട്ടറി, കേരള നിയമസഭ (ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി (ഉപരിപത്രം സഹിതം)
3) സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4) സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ കോ-ബാങ്ക് ടവേഴ്സ്, തിരുവനന്തപുരം.
5) എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കും
6) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8) ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
9) ജോയിന്റ് ഡയറക്ടർമാർക്കും
10) അസിസ്റ്റൻ രജിസ്ട്രാർ (ജനറൽ)മാർക്കും/അസിസ്റ്റൻറ് ഡയറക്ടർമാർക്കും
11) എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
12) ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
13) വെബ്സൈറ്റ്
14) സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)